**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 322** **03-03-2023 - ൽ മറുപടിയ്ക്ക്**

**ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. ടി. എ. റഹീം,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗനിർണ്ണയം, പാലിയേറ്റീവ് കെയർ തുടങ്ങിയ പ്രവർത്തനങ്ങളിലെ മികവ് വർദ്ധിപ്പിക്കാൻ മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി ഉയർത്തി അവയെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ജീവിതശൈലി രോഗ നിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, മാതൃശിശു സംരക്ഷണം, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിലെല്ലാം ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകുംവിധം സേവനങ്ങൾ നൽകാൻ കഴിയുന്ന അടിസ്ഥാന സൗകര്യ വികസനവും മറ്റ് അനുബന്ധ സേവനങ്ങളും ഉറപ്പാക്കികൊണ്ടാണ് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ പ്രവർത്തനക്ഷമമാകുന്നത്. ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലൂടെ ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം രോഗ പ്രതിരോധ ആരോഗ്യ വർദ്ധക സേവനങ്ങൾ ശക്തിപ്പെടുത്തുവാനും അവ ജനങ്ങൾക്ക് പ്രാപ്യമാക്കുവാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വ്യക്തികളുടെ ശാരീരിക മാനസിക ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജനകീയ ആരോഗ്യകേന്ദ്രങ്ങളായി ഉപകേന്ദ്രങ്ങളെ പരിവർത്തനം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.** |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ വഴി ജീവിതശൈലീ രോഗ നിർണ്ണയത്തിനായി വാർഷിക ആരോഗ്യ പരിശോധന നടത്താൻ ഉദ്ദേശ്യമുണ്ടോ; അതിനായി ഉയർന്ന യോഗ്യതയുള്ളവരെ നിയമിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ വഴി ജീവിതശൈലി രോഗ നിയന്ത്രണം ശാക്തീകരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന ജീവിത ശൈലി രോഗനിയന്ത്രണ പദ്ധതി നടത്തിപ്പിലെ ഉത്തരവാദിത്തം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികളാണ് പ്രധാനമായി കൈക്കൊള്ളുന്നത്. വാർഷികാരോഗ്യ പരിശോധന, ശ്വാസ് പദ്ധതി, India Hypertension |

| | | | |
|---|---|---|---|
| | | | Control Initiative പദ്ധതി (IHCI), അമൃതം ആരോഗ്യം പദ്ധതി, മരുന്ന് വിതരണം തുടങ്ങിയ എല്ലാ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതികളുടെയും പ്രധാന പങ്കാളിത്തം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾക്കായിരിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡർ മാരെ ദേശീയാരോഗ്യ ദൗത്യം വഴി നിയമിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനതല സമിതികൾ രൂപീകരിച്ച് ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ 23.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.172/2023/ ആ.കു.വ പ്രകാരം സംസ്ഥാനതല കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, ഉപജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ ഘടനയും ചുമതലകളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ് ഈ കമ്മിറ്റി. സംസ്ഥാനതല കമ്മിറ്റികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ആർദ്രം മിഷൻ സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി**<br><br>ഈ കമ്മിറ്റിയാണ് ആർദ്രം മിഷൻ സംബന്ധിച്ച പോളിസി കാര്യങ്ങളും പ്രവർത്തനങ്ങളും മാർഗ്ഗരേഖകളും സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും മേൽ നോട്ടം വഹിക്കുകയും ചെയ്യുന്നത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ചെയർപേഴ്സനും ആരോഗ്യ കുടുബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-ചെയർപേഴ്സനും ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ളതാണ് ഈ കമ്മിറ്റി.<br><br>**2. സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്.എൽ.ഇ.സി)**<br><br>ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സനായും, നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ കോ-ചെയർപേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ളതാണ് ഈ കമ്മിറ്റി. **എസ്.എൽ.ഇ.സിയുടെ** പ്രാഥമിക ഉത്തരവാദിത്തം ആർദ്രം മിഷന്റെ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പാക്കുകയാണ്.<br><br>**3. ഡിപാർട്ട്മെന്റ് തല നോഡൽ സെൽ എൻ.കെ.കെ.പി. II ആർദ്രം 2** |

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്തല നോഡൽ ഓഫീസറായ അഡീഷണൽ/ജോയിന്റ് സെക്രട്ടറി ചെയർമാനും, കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ്, നാഷണൽ ഹെൽത്ത് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റ്, ഹോമിയോപതി ഡയറക്ടറേറ്റ് എന്നിവയുടെ സംസ്ഥാനതല നോഡൽ ഓഫീസർമാർ, എസ്.എൽ.ഇ.സി മെമ്പർമാർ, സ്റ്റേറ്റ് ഡെമോഗ്രാഫർ, ഡി.എച്ച്.എസ് ഓഫീസ്, എൻ.എച്ച്.എം സ്റ്റേറ്റ് നോഡൽ ഓഫീസർ (എം&ഇ), എസ്.എച്ച്.എസ്.ആർ.സി യിലെ സീനിയർ റിസർച്ച് ഓഫീസർ എന്നിവർ മെമ്പർമാരുമായ ഈ കമ്മിറ്റിയാണ് ആർദ്രം പദ്ധതിയുടെ മോണിറ്ററിംഗ് & ഇവാല്യുവേഷനു വേണ്ടി കാര്യങ്ങൾ നിശ്ചയിക്കുന്നതും ഡിപ്പാർട്ട്മെന്റിനുള്ളിലെയും വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലും വിവിധ ഏജൻസികൾ തമ്മിലും ഉള്ള കോർഡിനേഷൻ ഉറപ്പാക്കുന്നതും.

**<u>4. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ ആർദ്രം മിഷൻ സെൽ</u>**

ആർദ്രം മിഷനുമായി ബന്ധപ്പെട്ട ദിവസേനയുള്ള പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതും വിലയിരുത്തുന്നതും ഈ സെല്ലാണ്.

**<u>5. വർക്കിംഗ് ഗ്രൂപ്പ്</u>**

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ വിവിധ പ്രോഗ്രാം ഡിവിഷനുകൾക്കു കീഴിൽ ബന്ധപ്പെട്ട ഇൻചാർജ് ഓഫീസർ ചെയർമാനും ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനറും മറ്റ് സബ്ജക്ട് എക്സ്പേർട്സും ഉൾപ്പെടുന്നതാണ് വർക്കിംഗ് ഗ്രൂപ്പ്. ആർദ്രം മിഷന്റെ കീഴിലെ വിവിധ പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നത് വർക്കിംഗ് ഗ്രൂപ്പ് ആണ്.

സംസ്ഥാനതല സമിതികളുടെ പ്രവർത്തനഫലമായി ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*322 03.03.2023 ൽ മറുപടിക്ക്

**ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ വി കെ പ്രശാന്ത്<br>ശ്രീ. പി. ടി. എ. റഹീം<br>ഡോ സുജിത് വിജയൻപിള്ള | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗനിർണ്ണയം, പാലിയേറ്റീവ് കെയർ തുടങ്ങിയ പ്രവർത്തനങ്ങളിലെ മികവ് വർദ്ധിപ്പിക്കാൻ മൂന്നാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളായി ഉയർത്തി അവയെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ജീവിതശൈലി രോഗ നിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, മാതൃശിശു സംരക്ഷണം, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിലെല്ലാം ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകുംവിധം സേവനങ്ങൾ നൽകാൻ കഴിയുന്ന അടിസ്ഥാന സൗകര്യ വികസനവും മറ്റ് അനുബന്ധ സേവനങ്ങളും ഉറപ്പാക്കികൊണ്ടാണ് ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകൾ പ്രവർത്തനക്ഷമമാകുന്നത്. ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലൂടെ ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം രോഗ പ്രതിരോധ ആരോഗ്യ വർദ്ധക സേവനങ്ങൾ ശക്തിപ്പെടുത്തുവാനും അവ ജനങ്ങൾക്ക് പ്രാപ്യമാക്കുവാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വ്യക്തികളുടെ ശാരീരിക മാനസിക ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജനകീയ ആരോഗ്യകേന്ദ്രങ്ങളായി ഉപകേന്ദ്രങ്ങളെ പരിവർത്തനം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ വഴി ജീവിതശൈലീ രോഗ നിർണ്ണയത്തിനായി വാർഷിക ആരോഗ്യ പരിശോധന നടത്താൻ ഉദ്ദേശ്യമുണ്ടോ; അതിനായി ഉയർന്ന യോഗ്യതയുള്ളവരെ നിയമിക്കാൻ | (ബി) | ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ വഴി ജീവിതശൈലി രോഗ നിയന്ത്രണം ശാക്തീകരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന ജീവിത ശൈലി രോഗനിയന്ത്രണ പദ്ധതി നടത്തിപ്പിലെ |

| | | | |
|---|---|---|---|
| | പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | | ഉത്തരവാദിത്തം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികളാണ് പ്രധാനമായി കൈക്കൊള്ളുന്നത്. വാർഷികാരോഗ്യ പരിശോധന, ശ്വാസ് പദ്ധതി, India Hypertension Control Initiative പദ്ധതി (IHCI), അമൃതം ആരോഗ്യം പദ്ധതി, മരുന്ന് വിതരണം തുടങ്ങിയ എല്ലാ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതികളുടെയും പ്രധാന പങ്കാളിത്തം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾക്കായിരിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡർ മാരെ ദേശീയാരോഗ്യ ദൗത്യം വഴി നിയമിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനതല സമിതികൾ രൂപീകരിച്ച് ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ 23.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.172/2023/ആ.കു.വ പ്രകാരം സംസ്ഥാനതല കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, ഉപജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ ഘടനയും ചുമതലകളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ് ഈ കമ്മിറ്റി. സംസ്ഥാനതല കമ്മിറ്റികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>1. ആർദ്രം മിഷൻ സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി</u>**<br><br>ഈ കമ്മിറ്റിയാണ് ആർദ്രം മിഷൻ സംബന്ധിച്ച പോളിസി കാര്യങ്ങളും പ്രവർത്തനങ്ങളും മാർഗ്ഗരേഖകളും സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും മേൽ നോട്ടം വഹിക്കുകയും ചെയ്യുന്നത്. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ചെയർപേഴ്സണും ആരോഗ്യ കുടുബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-ചെയർപേഴ്സണും ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ളതാണ് ഈ കമ്മിറ്റി.<br><br>**<u>2. സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്.എൽ.ഇ.സി)</u>**<br><br>ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സനായും, നാഷണൽ |

| | | | |
|---|---|---|---|
| | | | ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ കോ-ചെയർപേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ളതാണ് ഈ കമ്മിറ്റി. **എസ്.എൽ.ഇ.സിയുടെ** പ്രാഥമിക ഉത്തരവാദിത്തം ആർദ്രം മിഷന്റെ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു എന്ന് ഉറപ്പാക്കുകയാണ്.<br>**3. ഡിപാർട്ട്മെന്റ് തല നോഡൽ സെൽ എൻ.കെ.കെ.പി. II ആർദ്രം 2**<br>ആരോഗ്യ കുടുംബക്ഷേമ വകുപ്പ്തല നോഡൽ ഓഫീസറായ അഡീഷണൽ/ജോയിന്റ് സെക്രട്ടറി ചെയർമാനും, കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റ്, നാഷണൽ ഹെൽത്ത് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറേറ്റ്, ഹോമിയോപതി ഡയറക്ടറേറ്റ് എന്നിവയുടെ സംസ്ഥാനതല നോഡൽ ഓഫീസർമാർ, എസ്.എൽ.ഇ.സി മെമ്പർമാർ, സ്റ്റേറ്റ് ഡെമോഗ്രാഫർ, ഡി.എച്ച്.എസ് ഓഫീസ്, എൻ.എച്ച്.എം സ്റ്റേറ്റ് നോഡൽ ഓഫീസർ (എം&ഇ), എസ്.എച്ച്.എസ്.ആർ.സി യിലെ സീനിയർ റിസർച്ച് ഓഫീസർ എന്നിവർ മെമ്പർമാരുമായ ഈ കമ്മിറ്റിയാണ് ആർദ്രം പദ്ധതിയുടെ മോണിറ്ററിംഗ് & ഇവാല്യൂവേഷനു വേണ്ടി കാര്യങ്ങൾ നിശ്ചയിക്കുന്നതും ഡിപ്പാർട്ട്മെന്റിനുള്ളിലെയും വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലും വിവിധ ഏജൻസികൾ തമ്മിലും ഉള്ള കോർഡിനേഷൻ ഉറപ്പാക്കുന്നതും.<br>**4. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ ആർദ്രം മിഷൻ സെൽ**<br>ആർദ്രം മിഷനുമായി ബന്ധപ്പെട്ട ദിവസേനയുള്ള പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതും വിലയിരുത്തുന്നതും ഈ സെല്ലാണ്.<br>**5. വർക്കിംഗ് ഗ്രൂപ്പ്**<br>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ വിവിധ പ്രോഗ്രാം ഡിവിഷനുകൾക്ക് കീഴിൽ ബന്ധപ്പെട്ട ഇൻചാർജ് ഓഫീസർ ചെയർമാനും ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൺവീനറും മറ്റ് |

| | | | |
|---|---|---|---|
| | | | സബ്ജക്റ്റ് എക്സ്പേർട്സും ഉൾപ്പെടുന്നതാണ് വർക്കിംഗ് ഗ്രൂപ്പ്. ആർദ്രം മിഷന്റെ കീഴിലെ വിവിധ പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നത് വർക്കിംഗ് ഗ്രൂപ്പ് ആണ്. <br> സംസ്ഥാനതല സമിതികളുടെ പ്രവർത്തനഫലമായി ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ